# വനിത വീട്

മാർച്ച് 2012

₹ 20



ജയറാമിന്റെ
സ്റ്റുഡിയോ ഫ്ളാറ്റിൽ

8 സ്പെഷൽ
വീടുകൾ

ബാത്റൂം വാതിലുകൾ
പല തരത്തിൽ

## പഴയ വീടിനു
## പുത്തൻ മേക്ക്ഓവർ

# ഋതു മന്ദഹാസം



### ആർക്കിടെക്ട് ജയദേവ്



ആർക്കിടെക്ചർ
ടാൻജിബിൾ,
കൊച്ചി.
ഫോൺ: 9846420000

ഒന്നിലേറെ ഋതുക്കൾ ഒരു വീടിനുള്ളിൽ വിരിയിച്ചാണ് ആർക്കിടെക്ട് ജയദേവ് ദുബായിലെ ഐഐഎ അവാർഡ് വേദിയിൽ താരമായത്. ഐഐഎ അവാർഡുകളിൽ മികച്ച റസിഡൻഷ്യൽ പ്രോജക്ടിനുള്ള അവാർഡ് നേടിയ 'ഋതു' വിന്റെ ശില്പി എറണാകുളത്ത് 'ആർക്കിടെക്ചർ ടാൻജിബിൾ' എന്ന സ്ഥാപനത്തിന്റെ സാരഥിയാണ്. തൃപ്പൂണിത്തുറയിലുള്ള അഭിലാഷിനും വീണയ്ക്കും വേണ്ടിയാണ് ജയദേവ് വീടൊരുക്കിയത്. പ്രോജക്ട് മാനേജ്മെന്റ് ഗുഡ്എർത്തും നിർവഹിച്ചു. അവാർഡ് പ്രഖ്യാപിച്ചു കൊണ്ട് ജൂറി അധ്യക്ഷനായ പ്രശസ്ത ആർക്കിടെക്ട് സഞ്ജയ് മോഹെ പറഞ്ഞു, "ഈ ഡിസൈനിൽ ആർക്കിടെക്ട് തന്റെ ഹൃദയവും ആത്മാവും ലയിപ്പിച്ചിരിക്കുന്നു ."

**എന്തൊക്കെയാണ് 'ഋതു'വിന്റെ പ്രത്യേകതകൾ?**

ആവശ്യങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടാണ് 'ഋതു' ഒരുക്കിയത്. ഡിസൈൻ അതിന്റെ ഒരു തുടർച്ചയായിട്ട് സംഭവിച്ചതാണ്. മൂന്നംഗ കുടുംബത്തിനു വേണ്ടിയാണ് വീട് ഡിസൈൻ ചെയ്തത്. മൂവർക്കും ഒത്തൊരുമിച്ചു ചെലവഴിക്കാൻ കിട്ടുന്ന സമയം വളരെ കുറവായതിനാൽ അതു മനസ്സിൽ കരുതിയാണ് രൂപകല്പന നിർവഹിച്ചത്. ലിവിങ് ഏരിയ, കിച്ചൺ, ഡൈനിങ് എന്നിവ തമ്മിൽ ബന്ധിപ്പിച്ചു. ഇങ്ങനെ ചെയ്തതിനാൽ സ്പേസ് കൂടുതൽ തോന്നിക്കുകയും ചെയ്തു. ചൂടിനും

## ഐഐഎ അവാർഡുകളിൽ മികച്ച വീടിനുള്ള ഗോൾഡൻ ലീഫ് അവാർഡ് ലഭിച്ച 'ഋതു' വിലെ വിശേഷങ്ങളിലേക്ക്.

1



1. പതിനഞ്ച് സെൻറ് പ്ലോട്ടിലാണ് 'ഋതു' നില്ക്കുന്നത്. 2300 സ്ക്വയർ ഫീറ്റാണ് വീടിൻെറ വിസ്തീർണം. മിനിമലിസ്റ്റിക് ശൈലിയാണ് വീടിൻെറ രൂപകല്പനയിൽ സ്വീകരിച്ചിരിക്കുന്നത്. മുറ്റത്തിൻെറ ഡിസൈൻ ഫോർമാറ്റ് പുറത്തേക്കും വ്യാപിക്കുന്നു. ടെറസിലേക്ക് പിരിയൻ ഗോവണി ഉണ്ട്. രണ്ടു കാറുകൾ ഇടാൻ സ്ഥലമുള്ള പോർച്ച്. മുകളിലായി പർഗോള. ഉയരം കുറഞ്ഞ മതിൽ.

2. വീടിൻെറ പിൻവശം. ഇവിടെ പർഗോള കൊടുത്ത് പോളികാർബണേറ്റ് ഷീറ്റ് ഇട്ടിരിക്കുന്നു. ലോണിന് മാച്ച് ചെയ്യുന്ന രീതിയിൽ തടിക്കഷ്ണം ഇരിപ്പിടമാക്കി.

2



പരിഹാരമായി.

**വീടിൻെറ ഇൻറീരിയറിനെപ്പറ്റി?**

അതിഥികൾക്ക് ചെറിയ സർപ്രൈസുകൾ ഒരുക്കിക്കൊണ്ടാണ് ഇൻറീരിയർ ചെയ്തിരിക്കുന്നത്. പുറത്തെന്ന പോലെ അകത്തും വെള്ള നിറമാണ് ഭിത്തികൾക്കു നല്കിയത്. ഒരിക്കലും നമ്മെ 'ഓവർപവർ' ചെയ്യാത്ത നിറമാണ് വെള്ള. മറ്റേതൊരു നിറത്തിനോടും ആർട്ട്പീസിനോടും എളുപ്പത്തിൽ ബ്ളെൻഡ് ആവുകയും ചെയ്യും.

കൺസീൽഡ് ലൈറ്റിങ്ങാണ് വീടിനുള്ളിൽ മുഖ്യമായും ഉപയോഗിച്ചിരിക്കുന്നത്. ഒന്നു രണ്ടു സ്ഥലങ്ങളിൽ മാത്രമേ ഡയറക്ട് ലൈറ്റിങ് പ്രയോഗിച്ചിട്ടുള്ളു.



3. വീടിൻെറ പ്രധാന വാതിൽ, ഗേറ്റിൽ നിന്ന് പരമാവധി അകലത്തിലാണ് കൊടുത്തിരിക്കുന്നത്. അവിടേക്ക് ഒരു നടപ്പാതയും. റെയിൽവേപ്പാളത്തിലെ തടി സ്ലീപ്പറുകളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇടയ്ക്ക് പെബിൾസ് വിരിച്ച് ഭംഗിയാക്കി. അതിനടിയിൽ പൂൾ. ഈ പാതയിലൂടെ നടന്നാൽ വീടിൻെറ ഉൾവശത്തിനെക്കുറിച്ച് ഏകദേശ ധാരണ കിട്ടും. നേരെ മുൻവാതിൽ തുറന്ന് കയറുന്നതിനു പകരം വീടുമായി പരിചയിക്കാനാണ് ഇത്തരത്തിലൊരു സംവിധാനമൊരുക്കിയത്.

4. 'സ്ലീപ്പർ പാത'യിലൂടെ നടക്കുമ്പോൾ കാണാവുന്ന ബ്രേക്ക്ഫാസ്റ്റ് ടേബിളും ഐലൻഡ് കിച്ചണും. തടിയിലാണ് ടേബിൾ പണി കഴിപ്പിച്ചത്. തറനിരപ്പ് മുതൽ സീലിങ് വരെ ഉയരമുള്ള വിൻഡോ. വീട്ടിലെ എല്ലാ ജനാലകളും ഇത്തരത്തിലാണ് ചെയ്തിരിക്കുന്നത്.



**ഒന്നിലധികം പെബിൾ കോർട്ടുകളാണ് 'ഋതു'വിൻെറ ഹൈലൈറ്റ്. ഒപ്പം കൺസീൽഡ് ലൈറ്റിങ്ങും.**





5. ലിവിങ് ഏരിയയിലെ ഫർണിച്ചറിൽ മാത്രമാണ് വെള്ളയല്ലാതുള്ള നിറങ്ങൾക്ക് പ്രാമുഖ്യം കൊടുത്തിരിക്കുന്നത്. മിതമായ രീതിയിലേ ഫർണിച്ചർ ഉപയോഗിച്ചിട്ടുള്ളൂ. ഉയരം കുറഞ്ഞ തടിയുടെ ടീപോയ്. അതിഥികളുടെ കണ്ണിന് വിരുന്നേകാൻ പെബിൾ കോർട്ട്. ഫ്ളോറിങ്ങിന് ടെറാക്കോട്ട ടൈലുകൾ.

6.മാസ്റ്റർ ബെഡിൻെറ ഇരുവശത്തുമുള്ള നീളൻ ജനാലകൾക്ക് സിൽക്ക് റോമൻ ബ്ലൈൻഡ്സ്. ഒരു വശത്തായി വാർഡ്രോബും കുളിമുറിയും ഡ്രസ്സിങ് റൂമും. വാർഡ്രോബിൻെറ ഒരു ഡോർ തുറന്നാൽ കിഡ്സ് ബെഡ് റൂമിലേക്ക് പോകാം.

**ടഫൻഡ് ഗ്ലാസ്സ് കൊണ്ട് നിർമിച്ച ഉയരം കൂടിയ ജനാലകൾ കൂടുതൽ സ്പേസ് തോന്നിപ്പിക്കുന്നു. സുരക്ഷയ്ക്കായി ഇവയിൽ സെൻസറുകൾ ഘടിപ്പിച്ചു.**







**വെള്ള ഭിത്തികളോട് ഏറ്റവും നന്നായി ഇണങ്ങുമെന്നതിനാലാണ് ടെറാക്കോട്ട ടൈൽ തിരഞ്ഞെടുത്തത്.**

7. ഡൈനിങ്, കിച്ചൺ ഏരിയകൾ സമന്വയിപ്പിച്ചിരിക്കുന്നു. വീടിന്റെ മെയിൻ ആക്ടിവിറ്റി സ്പേസ് ആണിത്. ടേബിളിനു മുകളിലായി ഷാൻഡ്‌ലിയർ. വീട്ടിൽ ഡയറക്ട് ലൈറ്റിങ് കൊടുത്തിരിക്കുന്ന അപൂർവം ഇടങ്ങളിലൊന്നാണിത്. കിച്ചൺ കാബിനറ്റുകൾക്ക് പിറകിലെല്ലാം കൺസീൽഡ് ലൈറ്റിങ്. കാബിനറ്റുകൾക്കെല്ലാം സിൽവർ ലാമിനേറ്റ് ഫ്രെയിമിങ്. കിച്ചണിന്റെ ഭാഗമെന്ന പോലെ വാഷ് സ്പേസും ബാറും.

8. ഭിത്തിയുടെ ഒരറ്റം മുതൽ മറ്റേം അറ്റം വരെ നീളുന്ന കണ്ണാടിയാണ് ബാത്റൂമിന്റെ ഹൈലൈറ്റ്. ഫ്ളോറിങ്ങിനായി ഉപയോഗിച്ചത് ബ്രഷ്ഡ് ഗ്രാനൈറ്റും ജയ്സാൽമർ സ്റ്റോണും. വെറ്റ് ഏരിയയുടെ ഒരു വശം ജയ്സാൽമർ സ്റ്റോൺ ഉപയോഗിച്ച് ക്ലാഡ് ചെയ്തിരിക്കുന്നു. കാബിനറ്റുകൾ തീർത്തിരിക്കുന്നത് മറൈൻ പ്ലൈവുഡിലാണ്. ■